(ബി) ഡീസൽ സെസ്സിലൂടെ സമാഹരിക്കുന്ന തുകക്ക് ആനുപാതികമായി സംസ്ഥാനത്തിന് വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോടു അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 2003-2004-ൽ സംസ്ഥാനത്തെ 14 ബ്ലോക്കുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.† 2004-2005 വർഷം നടപ്പാക്കുന്ന പദ്ധതികളുടെ പൂർണ്ണ രൂപം തയ്യാറായിട്ടില്ല.

ഗ്രാമീണ സടക് യോജന പദ്ധതി

193 [1669] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഗ്രാമീണ സടക് യോജന പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്ന സംസ്ഥാനത്തെ റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ ഘട്ടം ഏതുവരെയാണെന്നും പറയാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന പദ്ധതിയനുസരിച്ച് 2000-2001 വർഷം 19.71 കോടി രൂപയും 2001-2002-ൽ 27.65 കോടി രൂപയും 2002-2003 വർഷം 11.43 കോടി രൂപയും ഉൾപ്പെടെ ആകെ 58.79 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) പ്രവർത്തികളുടെ നിർമ്മാണ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം

194 [1670] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണ്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly